ചന്ദ്രിക

Date: 10th October 2023
Kochi Edition Pg 6 - Col 3

# ജില്ലാ ബേസ് ബോൾ മത്സരം

മട്ടാഞ്ചേരി: എറണാകുളം ജില്ലാ ജൂനിയർ ബേസ് ബോൾ ചാമ്പ്യൻഷിപ്പ് ഇന്നും നാളെയും ഫോർട്ടു കൊച്ചി പരേഡ് മൈതാനിയിൽ നടക്കും.

൧. ൧.2006 നു ശേഷം ജനിച്ചവർക്ക് പങ്കെടുക്കാവുന്നതാണ്. ഈ മാസം 22 മുതൽ 24 വരെ കോഴിക്കോട് നടക്കുന്ന സംസ്ഥാന മത്സരത്തിലേക്കുള്ള ജില്ലാ ടീമിനെ മത്സരത്തിൽ നിന്നും തിരഞ്ഞെടുക്കുമെന്ന് ജില്ലാ സെക്രട്ടറി സോണിയാമോൾ ടി.പി അറിയിച്ചു .

മാധ്യമം

Date: 10th October 2023
Kochi Edition Pg 5 - Col 6

# ജില്ല ബേസ്ബാൾ ചാമ്പ്യൻഷിപ് ഇന്നും നാളെയും

മട്ടാഞ്ചേരി: ജില്ല ജൂനിയർ ബേസ്ബാൾ ചാമ്പ്യൻഷിപ് ചൊവ്വയും ബുധനും ഫോർട്ട്കൊച്ചി പരേഡ് മൈതാനിയിൽ നടക്കും. 2006 ജനുവരി ഒന്നിനുശേഷം ജനിച്ചവർക്ക് പങ്കെടുക്കാം.

22 മുതൽ 24വരെ കോഴിക്കോട് നടക്കുന്ന സംസ്ഥാന മത്സരത്തിലേക്കുള്ള ജില്ല ടീമിനെ ഈ മത്സരത്തിൽനിന്ന് തെരഞ്ഞെടുക്കുമെന്ന് ജില്ല സെക്രട്ടറി ടി.പി. സോണിയ മോൾ അറിയിച്ചു.

മലയാള മനോരമ
ESTABLISHED 1888

Date: 11th October 2023
Kochi Edition Pg 4 - Col 4



ഫോർട്ട്കൊച്ചിയിൽ നടന്ന ജില്ലാ ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ വിജയികളായ തേവര ഹാർട്ടിയൻസ്.

# തേവര ഹാർട്ടിയൻസ് ചാംപ്യൻ

ഫോർട്ട്കൊച്ചി ● ജില്ല ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ കൂവപ്പടി സെന്റ് ആൻസ് ക്ലബ്ബിനെ പരാജയപ്പെടുത്തി തേവര ഹാർട്ടിയൻസ് ചാംപ്യന്മാരായി.

തിരുവാണിയൂർ സ്റ്റെല്ല മേരിസ് ക്ലബ് മൂന്നാം സ്ഥാനം നേടി. ആൺകുട്ടികളുടെ വിഭാഗം ഫൈനലിൽ കൂവപ്പടി സെന്റ് ആൻസ് സ്പോർട്സ് അക്കാദമിയെ പരാജയപ്പെടുത്തി തിരുവാണിയൂർ സ്റ്റെല്ല മാരിസ് ക്ലബ് ചാംപ്യന്മാരായി. ഫോർട്ട്കൊച്ചി യാക്ക സ്പോർട്സ് മൂന്നാം സ്ഥാനം കരസ്ഥമാക്കി. സ്റ്റെല്ല മാരിസ് കോൺവന്റ് ക്ലബ്ബിലെ ജോസഫ് ഷിബുവിനെയും ഹാട്ടിയൻസിലെ റിറ്റ റെയ്സണെയും മികച്ച കളിക്കാരായി തിരഞ്ഞെടുത്തു.

ഇന്റർനാഷനൽ സോഫ്റ്റ്ബോൾ താരം എ.എസ്.റസീന ഉദ്ഘാടനം ചെയ്തു. ജില്ലാ സ്പോർട്സ് കൗൺസിൽ അംഗം ഷാഹുൽ ഹമീദ് സമ്മാനങ്ങൾ നൽകി. ജില്ലാ സോഫ്റ്റ്ബോൾ അസോസിയേഷൻ സെക്രട്ടറി പി.ബി.മോൻസി, പി.എസ്.അനീർ, ടി.പി.സോണിയ എന്നിവർ പ്രസംഗിച്ചു.



ഫോർട്ട്കൊച്ചിയിൽ നടന്ന ജില്ലാ ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ വിജയികളായ തിരുവാണിയൂർ സ്റ്റെല്ല മാരിസ് ക്ലബ് ടീം.

മാധ്യമം

Date: 11th October 2023

Kochi Edition Pg 7 - Col 4-5

# ഹാർട്ടിയൻസും സ്റ്റെല്ല മേരീസും ചാമ്പ്യൻമാർ

**ഫോർട്ട്കൊച്ചി:** പരേഡ് ഗ്രൗണ്ടിൽ നടന്ന ജില്ല ജൂനിയർ ബേസ്ബാൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ കൂവപ്പാടി സെന്റ് ആൻസ് ക്ലബിനെ പരാജയപ്പെടുത്തി തേവര ഹാർട്ടിയൻസ് ചാമ്പ്യന്മാരായി (9-8). തിരുവാണിയൂർ സ്റ്റെല്ല മേരീസ് ക്ലബ് മൂന്നാംസ്ഥാനം കരസ്ഥമാക്കി.

ആൺകുട്ടികളുടെ വിഭാഗം ഫൈനലിൽ കൂവപ്പടി സെന്റ് ആൻസ് സ്പോർട്സ് അക്കാദമിയെ പരാജയപ്പെടുത്തി തിരുവാണിയൂർ സ്റ്റെല്ല മേരീസ് ക്ലബ് ചാമ്പ്യന്മാരായി (8-1). ഫോർട്ട്കൊച്ചി യാക്കാ സ്പോർട്സിനാണ് മൂന്നാംസ്ഥാനം. സ്റ്റെല്ല മേരീസ് ക്ലബിലെ ജോസഫ് ഷിബുവിനെയും ഹാട്ടിയൻസിലെ റിറ്റ റെയ്സനെയും മികച്ച കളിക്കാരായി തെരഞ്ഞെടുത്തു. അന്തർദേശീയ സോഫ്റ്റ്ബാൾ താരം എ.എസ്. റസീന ചാമ്പ്യൻഷിപ് ഉദ്ഘാടനം ചെയ്തു. ജില്ല സ്പോർട്സ് കൗൺസിൽ അംഗം കെ.എം. ഷാഹുൽ ഹമീദ് സമ്മാനദാനം നിർവഹിച്ചു. ജില്ല സോഫ്റ്റ്ബാൾ സെക്രട്ടറി പി.ബി. മോൻസി, പി.എസ്. അനീർ, ജില്ല ബേസ്ബാൾ അസോ. സെക്രട്ടറി ടി.പി. സോണിയ മോൾ എന്നിവർ സംസാരിച്ചു.